## പ്രതിവാരം

സീതി

# ഇണങ്ങാതിരിക്കാൻ നമുക്കെന്തവകാശം?

**ഇരു** മുജാഹിദ് വിഭാഗങ്ങൾ ഭിന്നതകൾ പറഞ്ഞുതീർത്ത് ഒന്നാകാൻ പോകുന്നുവെന്നത് കേരള മുസ്‌ലിം സമൂഹം അടുത്ത കാലത്ത് കേട്ട ഏറ്റവും സന്തോഷം നിറഞ്ഞ വാർത്തയായിരിക്കും.

മുജാഹിദുകൾ എന്നു പറഞ്ഞാൽ സൂക്ഷ്മാർഥത്തിൽ ഒരു വെറും സംഘടനയുടെ പേരല്ല, മലയാളി മുസ്‌ലിം സമൂഹത്തിന്റെ സവിശേഷമായൊരു സംസ്കാരത്തിന്റെ കൂടി പേരായിരുന്നു. അകവും പുറവും തകർന്നുപോവുകയായിരുന്ന ഒരു സമൂഹം എഴുന്നേറ്റു നിൽക്കാൻ നടത്തിയ പലവിധ ശ്രമങ്ങളിലൊന്നിന്റെ സംഘടിത രൂപമാണത്. അന്തർദേശീയ തലത്തിലുണ്ടായ ഇസ്‌ലാമിക ഖിലാഫത്തിന്റെ തകർച്ച, കേരളത്തിലെ ബ്രിട്ടീഷ് കോളനിവത്കരണവും അതിനെതിരെയുണ്ടായ മുസ്‌ലിം ചെറുത്തുനിൽപും സൃഷ്ടിച്ച ആഘാതങ്ങൾ- അങ്ങനെ ചിന്തയിലും പ്രയോഗത്തിലും പതിതരായിപ്പോയ ഒരു സമൂഹം കാലത്തെ അഭിമുഖീകരിക്കാൻ നടത്തിയ ശ്രമങ്ങളിൽനിന്നാണ് കേരള മുസ്‌ലിം ഐക്യസംഘവും കേരള ജംഇയ്യത്തുൽ ഉലമായും പിന്നീട് കേരള നദ്‌വത്തുൽ മുജാഹിദീനും ഉണ്ടാവുന്നത്. നടപ്പു ഭാഷയിൽ യാഥാസ്ഥിതികമെന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന ഒരു സമൂഹത്തിൽ ഇസ്‌ലാമിക ചിന്തയുടെയും ജീവിതത്തിന്റെയും സമകാലിക പാഠങ്ങൾ പ്രസരിപ്പിച്ചു എന്ന അർഥത്തിലായിരിക്കും ആ പ്രസ്ഥാനങ്ങൾ പ്രസക്തമാവുക. പുതിയ കാലത്തെ രാഷ്ട്രീയ-സാമൂഹിക യാഥാർഥ്യങ്ങളെയും വികാസങ്ങളെയും മുൻനിർത്തിയുള്ള നിശിത നിരൂപണങ്ങളിൽ മുജാഹിദ് പ്രസ്ഥാനം പലപ്പോഴും പ്രതിചേർക്കപ്പെടുമെങ്കിലും അത് നിർവഹിച്ച ചരിത്രപരമായ മഹാദൗത്യത്തെ നമുക്ക് ചെറുതാക്കിക്കാണാൻ സാധ്യമല്ല. മലയാളി മുസ്‌ലിം ജീവിതത്തിന്റെ നാഡീഞരമ്പുകളിൽ അതിന്റെ രക്തപ്രവാഹം തീർച്ചയായും ഉണ്ട്.

ഏതാനും വർഷം മുമ്പ് മുജാഹിദ് പ്രസ്ഥാനം പിളർന്നുവെന്നത് അതിനാൽതന്നെ, വെറുമൊരു കേരളാ കോൺഗ്രസ് പിളർപ്പുപോലെ കാണാൻ പറ്റുന്ന കാര്യമല്ല. കേരള മുസ്‌ലിം ചരിത്രത്തിലെ വേദന നിറഞ്ഞതും എന്നാൽ നിർണായകവുമായ സംഭവമാണത്. എന്തിനായിരുന്നു സുഹൃത്തുക്കളേ, നിങ്ങൾ പിളർന്നതെന്ന ചോദ്യത്തിന് ഇതുവരെയും തൃപ്തികരമായ മറുപടി ലഭ്യമായിട്ടില്ല. എന്തു തന്നെയായാലും, പ്രസ്ഥാനത്തെ ഒരു ജീവിതസംസ്കാരമെന്ന പോലെ നെഞ്ചിലേറ്റിയ നല്ലൊരു വിഭാഗത്തെ അത് വല്ലാത്ത പ്രയാസത്തിലാക്കി. ഒട്ടനവധി ചെറുപ്പക്കാർ നിരാശരായി പൊതു പ്രവർത്തന രംഗത്തുനിന്നുതന്നെ പിന്മാറി. മുസ്‌ലിം സംഘടനകളെക്കുറിച്ചും നേതൃത്വത്തെക്കുറിച്ചും സാമാന്യജനങ്ങളിൽ മതിപ്പു കുറയാനും ആത്മവിശ്വാസം തകരാനും അത് ഇടയാക്കി. മനംമടുത്ത ചിലരെങ്കിലും സംഘടനകൾ തന്നെയാണ് അടിസ്ഥാന പ്രശ്നമെന്ന സിദ്ധാന്തവത്കരണത്തിലെത്തി, സംഘടന എന്ന കാഴ്ചപ്പാടിനെത്തന്നെ നിഷേധിക്കാൻ തുടങ്ങി. ബാപ്പയും മകനും ജ്യേഷ്ഠനും അനുജനും ഭിന്നചേരികളിലായി നിന്ന് അങ്കം വെട്ടിയത് ഇസ്‌ലാമിക സാഹോദര്യത്തിന്റെ തിളങ്ങുന്ന പാഠങ്ങളെ കൊച്ചാക്കുന്നതായി. അതിനിടയിൽ എന്തൊക്കെയാണ്, അറിഞ്ഞോ അറിയാതെയോ അങ്ങോട്ടുമിങ്ങോട്ടും വിളിച്ചുപറഞ്ഞുപോയത് എന്നതിന് ഒരു നിശ്ചയവുമില്ല. ഗുരു ശിഷ്യനെയും ശിഷ്യൻ ഗുരുവിനെയും പച്ചക്ക് ചീത്ത വിളിക്കുന്നേടത്തേക്ക് കാര്യങ്ങളെത്തി. ഐക്യശ്രമത്തിന്റെ തുടക്കമെന്നോണം, വ്യക്തിപരമായ അധിക്ഷേപങ്ങൾ ഒഴിവാക്കുന്നതാണെന്ന് മുജാഹിദ് സംഘടനാ നേതാക്കൾ പത്രക്കാരോട് പറഞ്ഞിട്ടുണ്ട്. അതിന്റെ അർഥം, ഇരുഭാഗത്തുനിന്നും അങ്ങനെ വന്നുപോയിട്ടുണ്ട് എന്നു തന്നെയാണല്ലോ.

ഇനിമേൽ ഇതെല്ലാം മറന്നേക്കാം, നമുക്ക് ഒന്നുചേർന്ന് കാര്യങ്ങൾ നടത്താം എന്ന സന്ദേശമാണ് നേതാക്കൾക്കിടയിലെ ചർച്ചയിൽ തെളിഞ്ഞുവരുന്നത്. അങ്ങനെ മറക്കാനും പൊറുക്കാനും കഴിയാത്തതായി യഥാർഥത്തിൽ മനുഷ്യജീവിതത്തിൽ ഒന്നുമില്ലല്ലോ. നൂറ്റാണ്ടുകളോളം പരസ്പരം കലഹിച്ച വ്യത്യസ്ത ഗോത്രങ്ങളെ ദൈവികസന്ദേശത്തിന്റെ ഒറ്റക്കയറിൽ ഒന്നിപ്പിച്ചുകൊണ്ടാണല്ലോ ഇസ്‌ലാം അതിന്റെ നാഗരിക ചരിത്രം ആരംഭിക്കുന്നതുതന്നെ. ‘അല്ല കൂട്ടരേ, നമുക്കെല്ലാം ഒരു നാൾ മരിക്കണ്ടേ’ എന്ന, ഒരു നേതാവിന്റെ ചോദ്യം ലയനചർച്ചകളുടെ ത്വരകഘടകമായത് ഇസ്‌ലാമികമായ ഈ മൂല്യബോധത്തിൽനിന്നാണ്.

ഈ ഐക്യം യാഥാർഥ്യമാവുകയാണെങ്കിൽ അത് കേരള മുസ്‌ലിം സമൂഹത്തിന് നൽകുന്ന സന്ദേശങ്ങൾ ബഹുതലസ്പർശിയായിരിക്കും. ഇതുവരെ പറഞ്ഞതെല്ലാം മാറ്റിവെച്ച് ഇനി ഐക്യപ്പെടുന്നതെങ്ങനെയെന്ന് ഇരു പക്ഷത്തുമുള്ള ചില ആവേശക്കമ്മിറ്റിക്കാർ ചോദിക്കുന്നുണ്ടെന്നാണറിവ്. സലഫി മെത്തഡോളജിയിൽ, ചിന്താപദ്ധതിയിൽ ഏറ്റവും മുഴക്കമുള്ള ചോദ്യമാണിതെന്നതുകൊണ്ട് അതിനെ മറികടക്കാൻ കുറച്ച് പ്രയാസപ്പെടേണ്ടിവരും. അതായത്, ഒരിക്കൽ പറഞ്ഞുവെച്ച, ഒരുപക്ഷേ നിസ്സാരവും അപ്രധാനവുമായ കാര്യങ്ങൾക്കുവേണ്ടി പോലും സാമൂഹിക യാഥാർഥ്യങ്ങളെ മറന്ന് പക്ഷം ചേർന്ന് വാശി പിടിക്കുക എന്നതാണല്ലോ സലഫികളുടെ പ്രധാനപ്പെട്ട പൊതു സമീപനങ്ങളിലൊന്ന്. നിസ്സാരമായ ഇത്തരം കാര്യങ്ങൾക്കുവേണ്ടി വാശിപിടിക്കല്ലേ എന്ന് അഭ്യർഥിച്ചാൽ, തൗഹീദിൽ വെള്ളം ചേർക്കുന്ന പരിപാടിക്ക് ഞങ്ങളെക്കിട്ടില്ല എന്നു പറഞ്ഞ് സലഫി സുഹൃത്തുക്കൾ മസിലുപിടിച്ച് നമ്മെ വിറപ്പിച്ചുകളയും. അങ്ങനെയൊരു സാംസ്കാരിക അന്തരീക്ഷത്തിൽ വളർന്ന തലമുറക്ക് കഴിഞ്ഞ കുറച്ച് വർഷങ്ങളായി നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്ന; ആശയവ്യതിയാനം, നവയാഥാസ്ഥിതികത്വം എന്നൊക്കെ അവർ വിശേഷിപ്പിക്കുന്ന കാര്യങ്ങൾ അത്ര എളുപ്പത്തിൽ മറക്കാൻ കഴിയുമോ എന്നത് കുഴക്കുന്ന ഒരു ചോദ്യമാണ്.

മതത്തെ സജീവവും ചടുലവുമായ ഒരു ജീവിത ദർശനമായി മനസ്സിലാക്കുന്നതിനു പകരം കുറേ അക്ഷരങ്ങളുടെ സമാഹാരമായി കരുതി എന്നതാണ് സലഫി മെത്തഡോളജിയുടെ ഏറ്റവും വലിയ പരിമിതി. സാമൂഹിക യാഥാർഥ്യങ്ങളെ വിശകലനം ചെയ്യാനും അങ്ങനെ നിരന്തരമായി ചരിത്രവത്കരിച്ചുകൊണ്ടിരിക്കാനുമുള്ള ഇസ്‌ലാമിന്റെ സഹജമായ ശേഷിയെ റദ്ദ് ചെയ്തുകൊണ്ടാണ് അത് മുന്നോട്ടു നീങ്ങിയത്. തഖ്‌ലീദിനെ തള്ളിപ്പറയുകയും ഇജ്തിഹാദിനെ ഉയർത്തിപ്പിടിക്കുകയും ചെയ്ത ഒരു പ്രസ്ഥാനത്തിന് എങ്ങനെ ഇതു സംഭവിച്ചു എന്നത് കൗതുകം നിറഞ്ഞൊരു സമസ്യയാണ്. ഈ പരിമിതിയാണ്, മറ്റു

പല കാരണങ്ങളോടുമൊപ്പം പ്രസ്ഥാനത്തെ പിളർപ്പിലേക്ക് നയിച്ചത് എന്നും കാണാവുന്നതാണ്. അതായത്, ഒരു കൂട്ടർ ഇവിടെ എഴുതിവെച്ച കുറേ അക്ഷരങ്ങളിൽ കുരുങ്ങി. മറ്റൊരു കൂട്ടർ ഗൾഫിൽ എഴുതിവെച്ച വേറെയും കുറേ അക്ഷരങ്ങളിൽ കുരുങ്ങി. അങ്ങനെ ആ അക്ഷരങ്ങളും വാക്കുകളും തമ്മിൽ ഏറ്റുമുട്ടി. അത് പ്രസംഗമായി, സി.ഡിയായി, പുസ്തകമായി, പ്രഭാഷണമായി, ചീത്തവിളിക്കലായി അങ്ങനെ പോയി.

കഴിഞ്ഞ ദിവസം ഇടുക്കിയിൽനിന്ന് ഒരു സുഹൃത്ത് വിളിച്ചിരുന്നു. പ്രശ്നം ഇതാണ്: നാട്ടിലെ പള്ളി. ഹനഫീ ഫിഖ്ഹ് അനുസരിച്ചാണ് അവിടെ ആരാധനാക്രമങ്ങൾ. ഇമാം ഫാതിഹ ഓതിക്കഴിഞ്ഞാൽ അണികൾ ഉച്ചത്തിൽ ആമീൻ പറയുന്ന രീതി അവർക്കില്ല. നാട്ടിലെ സാമാന്യം ആഭിജാത്യമുള്ളൊരു ചെറുപ്പക്കാരൻ പൊടുന്നനെ ഒരു നാൾ സലഫിയായി. അതാ വരുന്നു, ഫാതിഹ കഴിഞ്ഞാൽ കിടിലൻ ആമീൻ. നാട്ടുകാർക്ക് ഈ അപരിചിത ശൈലി അരോചകമായി. അയാളോട് ഇങ്ങനെ ഉച്ചത്തിൽ പറയല്ലേ എന്നു പറഞ്ഞു. കക്ഷിയുണ്ടോ വിടുന്നു. ഒരു ഉരുൾപൊട്ടൽ പോലെ ഹദീസുകൾ പ്രവഹിച്ചു. 'ഹദീസിലില്ലേ'? 'ഉണ്ട്'. 'അപ്പോൾ പിന്നെ ഹദീസിലുള്ളത് ചെയ്യാതിരിക്കുകയും ഹദീസിലില്ലാത്തത് ചെയ്യുകയുമെന്നത് ബിദ്അത്തല്ലേ?' ലളിതമായ ഈ ചോദ്യത്തിനു മുമ്പിൽ ഉത്തരം മുട്ടുകയല്ലാതെ നമുക്ക് നിവൃത്തിയില്ല.

ഇത്തരം ലളിത ചോദ്യങ്ങൾ, അതിന്റെ ഉത്തരങ്ങൾ, അതിന് ആധാരമായ ലേഖനങ്ങൾ, അവയുടെ ഫോട്ടോസ്റ്റാറ്റുകളും സി.ഡികളും- അതായി മാറി മതപരമായ ചിന്തയും ഉണർവുമെന്നത്. ആരെല്ലാം എവിടെയെല്ലാം എന്തെല്ലാം പറഞ്ഞുവെന്നതിന്റെ ഫോട്ടോസ്റ്റാറ്റുകൾ എപ്പോഴും അവരുടെ കൈയിലുണ്ടാവും. പക്ഷേ, സമകാലിക/സാമൂഹിക യാഥാർഥ്യങ്ങൾ ഫോട്ടോസ്റ്റാറ്റ് മെഷീനിൽനിന്ന് കിട്ടുകയില്ലല്ലോ എന്ന വലിയ സത്യം അവിടെ മറക്കപ്പെടുകയാണ്. ഈ മെത്തഡോളജിയിൽ ചോദ്യവും ഉത്തരവും മാത്രമേയുള്ളൂ. കുന്ദംകുളത്തുനിന്നിറങ്ങുന്ന കുട്ടികൾക്കുള്ള 'എഞ്ചുവടി വിസ്തൃത മനഃപാഠ' പുസ്തകത്തിലെ ചോദ്യോത്തരം പോലെയിരിക്കും ഇവരുടെ ഇസ്‌ലാം. അന്വേഷണവും അനുനയനവുമില്ല. ഒന്ന് കൂട്ടണം ഒന്ന് സമം രണ്ട്. അതു തന്നെ. അതിനപ്പുറവും ഇപ്പുറവും മറ്റൊന്നില്ല. ആഗോളതലത്തിൽ തന്നെ സലഫിധാരയെ പിടികൂടിക്കഴിഞ്ഞ വലിയൊരു പരിമിതിയാണിത്. ലോകത്തെ പ്രമാദമായ എല്ലാ തീവ്രവാദ സംഘടനകളും -ലശ്കറെ ത്വയ്യിബ മുതൽ അൽഖാഇദ വരെ-സലഫിപ്രഭാവമുള്ളവയായതിന്റെ കാരണവും മറ്റൊന്നല്ല. എല്ലാ തീവ്രവാദികളും ഇത്തരം ലളിത സമവാക്യങ്ങളിലാണ് വിശ്വസിക്കുന്നത്. നമ്മുടെ നാട്ടിലെ തീവ്രവാദി സുഹൃത്തുക്കളും അവർ ജിഹാദ് എന്ന് വിളിക്കുന്ന പരിപാടിയുടെ കാര്യത്തിൽ ഈ ശൈലി തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്.

തീവ്രവാദത്തിനെതിരെ സംസാരിക്കുന്ന പാവം സാധു ഇസ്‌ലാമിസ്റ്റിനെ താൻ ഉത്തരം മുട്ടിച്ചുവെന്ന് അവകാശപ്പെട്ടുകൊണ്ട് ഗൾഫിൽനിന്ന് ഒരു സുഹൃത്ത് കത്തയച്ചിരിക്കുന്നു. സലഫികളുടെയും തീവ്രവാദികളുടെയും മെത്തഡോളജി എങ്ങനെയാണ് വർക്ക് ചെയ്യുന്നതെന്നറിയാൻ ഈ ചോദ്യോത്തരം വായിച്ചാൽ മതി. അതിങ്ങനെ:

*ഞാൻ ചോദിച്ചു: നീയും നിന്റെ ഭാര്യയും കുട്ടികളും ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ നാല് റൗഡികൾ വന്ന് കുത്തിപ്പിടിച്ച് വലിച്ചിഴച്ച് കൊണ്ടുപോവാൻ ശ്രമിച്ചു. അവരെ തടയാൻ നിനക്ക് ഇസ്‌ലാമിൽ അനുവാദമുണ്ടോ?*

*ഉണ്ട്.*

*ആ ഹോട്ടലിൽ ഉള്ള മറ്റുള്ളവർക്കോ?*

*അനുവാദമുണ്ട്.*

*ഓ കെ. ഈ നാലു റൗഡികൾ ആ പ്രദേശത്തുള്ള 40 പേരടങ്ങുന്ന റൗഡി സംഘത്തിലെ അംഗങ്ങളാണ്. എങ്കിൽ അനുവാദമുണ്ടോ?*

*ഉണ്ട്.*

*ശരി, റൗഡികൾ കേരളമൊന്നാകെയുള്ള വലിയൊരു റൗഡി സംഘത്തിലെ അംഗങ്ങളാണ്. എങ്കിലോ?*

അങ്ങനെ ആ സമാധാനവാദി ഇസ്‌ലാമിസ്റ്റിന് ഉത്തരം മുട്ടിയത്രെ. ഉത്തരം മുട്ടുകയല്ലാതെ എന്തു ചെയ്യാൻ! ആർ.എസ്.എസ്സിനെതിരെ ഒരു മുസ്‌ലിം ആർ.എസ്.എസ് രൂപീകരിക്കുന്നതിനുള്ള മാത്ത്മാറ്റിക്കൽ ന്യായമാണ് ഗംഭീരമായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ സുഹൃത്ത് മുമ്പ് ഒരു എസ്.ഐ.ഒക്കാരനായിരുന്നുവെന്നും പിന്നീട് മറുകണ്ടം പോയതാണെന്നും അവകാശപ്പെടുന്നുണ്ട്. ആ സുഹൃത്തും എസ്.ഐ.ഒയും രക്ഷപ്പെട്ടു. ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്നതും അതിന് ഉത്തരം നൽകപ്പെടുന്നതുമായ പരിസരമല്ലല്ലോ എസ്.ഐ.ഒ പോലുള്ള ഒരു സംഘടനയിലുള്ളത്.

തറാവീഹ് നമസ്കാരത്തിന്റെ കാര്യത്തിൽ നാട്ടിൽ വലിയ വിവാദങ്ങൾ നടന്നുകൊണ്ടിരിക്കെ, അതിൽ താങ്കളെന്താണ് അഭിപ്രായം പറയാത്തതെന്ന് ഹസനുൽ ബന്നായോട് ഒരാൾ ചോദിച്ചു. 'തറാവീഹ് നമസ്കാരം സുന്നത്താണ്. എന്നാൽ മുസ്‌ലിം ഐക്യമെന്നത് എന്നെ സംബന്ധിച്ചേടത്തോളം ഫർദ് ആണ്. ഒരു സുന്നത്തിനു വേണ്ടി ഫർദിനെ ഇല്ലാതാക്കാൻ എന്നെക്കിട്ടില്ല' എന്നതായിരുന്നു ഇമാം ബന്നായുടെ നിലപാട്.

അതായത്, ബിദ്അത്തിനെതിരെയെന്ന പേരിൽ ഇസ്‌ലാമിക സാമാജികത തന്നെ തകർക്കപ്പെടുന്ന, പ്രതിരോധത്തിന്റെ പേരിൽ മനുഷ്യജീവിതം തന്നെ അസാധ്യമാക്കുന്ന രീതികളാണ് രണ്ട് തീവ്രവാദ ധാരകളും പുലർത്തുന്നത്.

മുജാഹിദ് യോജിപ്പിന് ഏറ്റവും അനിവാര്യമായ മുന്നുപാധി ഈ പരിമിതിയിൽനിന്ന് അവർ പുറത്തുകടക്കുക എന്നതു തന്നെയായിരിക്കും. ആശയപരവും ദാർശനികവുമായ വലിയ വികാസത്തിലേക്ക് തീർച്ചയായും അത് അവരെയും ഇസ്‌ലാമിക സമൂഹത്തെയും നയിക്കും. അതായത് ഇന്നലെയുടെ തടവുകാരായി കഴിയുന്നതിനു പകരം ഇന്നിനെ സജീവമായി അഭിമുഖീകരിക്കുന്ന, അക്ഷരങ്ങളുടെ ജീവൻ വറ്റിയ ലോകത്തിനു പുറത്ത് സജീവമായ സാമൂഹിക യാഥാർഥ്യങ്ങളോട് പ്രതികരിക്കുന്ന ഒരു പ്രാസ്ഥാനിക അനുഭവം. പക്ഷേ, ഇങ്ങനെയൊരു കാഴ്ചപ്പാട് അവതരിപ്പിക്കാനും അതിലേക്ക് പ്രസ്ഥാനത്തെ ഉയർത്താനും ഇപ്പോൾ മാധ്യസ്ഥ ചർച്ചകൾക്ക് കാർമികത്വം വഹിക്കുന്ന കുഞ്ഞാലിക്കുട്ടി സാഹിബ് തന്നെ വേണമെന്ന് വാശിപിടിക്കുന്നത് ശരിയല്ല. മുജാഹിദ് പിളർപ്പ് മുഖേന മുസ്‌ലിം ലീഗ് അനുഭവിക്കുന്ന ഒരു പ്രശ്നത്തെ മറികടക്കുക എന്നതാണ് അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ലളിതവും എന്നാൽ ന്യായവുമായ ആവശ്യം. ആശയപരവും ഉള്ളടക്കപരവും സമീപനപരവുമായ ഗൗരവമാർന്ന മാറ്റങ്ങളും പുനരാലോചനകളും വലിയ ദൗത്യമായി മുജാഹിദ് പ്രസ്ഥാനം ഏറ്റെടുക്കേണ്ടിവരും. ലയനം തീർച്ചയായും ഇത്തരം പുനരാലോചനകളിലേക്ക് അവരെ നയിക്കുമെന്ന് തന്നെയാണ് നാം പ്രതീക്ഷിക്കേണ്ടത്.

ഒന്നിച്ചുനിന്നവർക്ക് പിളരാനും തമ്മിൽതല്ലാനും കഴിയുമെന്ന പാഠം മാത്രമാണ് കേരള മുസ്‌ലിം സംഘടനകൾ ഇതുവരെ നൽകിയത്. പിളർന്നു തമ്മിൽതല്ലിയവർക്ക് ഇണങ്ങാനും മറക്കാനും പൊറുക്കാനും കഴിയുമെന്ന വലിയ പാഠമായിരിക്കും മുജാഹിദ് പുനഃസംയോജനം നമുക്ക് നൽകുന്നത്. അങ്ങനെ സംഭവിക്കുന്നുവെങ്കിൽ, എ.പി അബ്ദുൽ ഖാദിർ മൗലവി, ഡോ. ഹുസൈൻ മടവൂർ എന്നീ പേരുകൾ കേരള മുസ്‌ലിംകളുടെ ഹൃദയഭിത്തികളിൽ ആർക്കും മായ്ക്കാനാവാത്തവിധം രേഖപ്പെടുത്തപ്പെടും, തീർച്ച.

contactseethi@yahoo.co.in